## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** — **13-02-2025 - ൽ മറുപടിയ്ക്ക്**

### ഭൂമി സ്വഭാവ വ്യതിയാന അപേക്ഷകൾക്കുള്ള സോഫ്റ്റ് വെയർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി, അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ഏത് അധികാര സ്ഥാനത്താണ്/ യൂസറിനടുത്താണ് എന്ന് വിലയിരുത്തുന്നതിനും അപേക്ഷകൾ അകാരണമായി വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി തിരുത്തൽ നടപടി സ്വീകരിക്കുന്നതിനും സോഫ്റ്റ്‌വെയറിൽ സംവിധാനം ഒരുക്കാമോ; വ്യക്തമാക്കുമോ; | (എ) | **ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നത് ഏത് അധികാരസ്ഥാനത്താണ് എന്ന് കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന്റെ സോഫ്റ്റ് വെയറിൽ നിലവിൽ സംവിധാനം ലഭ്യമാണ്.** |
| (ബി) | തീർപ്പാക്കിയ പ്രസ്തുത അപേക്ഷകളുടെ സ്ഥിതിവിവരകണക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തീർപ്പാക്കിയ അപേക്ഷകളുടെ സ്ഥിതിവിവരക്കണക്ക് പൊതുജനങ്ങൾക്കു കൂടി ലഭ്യമാക്കുന്നതിനായി നയപരമായ തീരുമാനം ആവശ്യമാണ്. നിലവിൽ അപേക്ഷകളുടെ വിവരങ്ങൾ അപേക്ഷകന് ലഭ്യമാകത്തക്കവിധത്തിൽ സോഫ്റ്റ് വെയറിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. അപേക്ഷാ സമർപ്പണത്തിന്റെ/ നടപടികളുടെ ഓരോ ഘട്ടത്തിലും അപേക്ഷയിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിലേക്ക് സന്ദേശം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ